# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2073

07.07.2015 ൽ മറുപടിയ്ക്ക്

## പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക സഹകരണബാങ്കുകൾ വഴി കടാശ്വാസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി. സത്യൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക സഹകരണബാങ്കുകൾ വഴി കടാശ്വാസം നൽകുന്നുണ്ടോ; വിശദവിവരം നൽകാമോ ; | (എ) ഒന്നര ലക്ഷം രൂപാവരെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2010 ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് കടാശ്വാസം അനുവദിച്ച് 30.03.2015 ലെ സ.ഉ(അച്ചടി) 24/15/പജപവവിവ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന് അനുസൃതമായി പദ്ധതി സഹകരണ സംഘങ്ങളിൽ നടപ്പാക്കുന്നതിന് സഹകരണ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>ഒന്നര ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിരുന്നതും 31.03.2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ കടങ്ങൾക്ക് കടാശ്വാസം അനുവദിച്ചും, 50,000/- രൂപാ വരെയുള്ള കടബാധ്യത സർക്കാർ ഏറ്റെടുത്തും, 10.12.2013 ലെ സ.ഉ(അച്ചടി) 99/13/പജപവവിവ നമ്പർ പ്രകാരം സർക്കാർ ഉത്തരവാകുകയും, ആയതിലേയ്ക്ക് 12 കോടി രൂപ സഹകരണ സംഘം രജിസ്ട്രാർക്ക് സർക്കാർ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ടി തുകയിൽ സംഘങ്ങൾ ഫിനാൻസിംഗ് ബാങ്കിന്റെ ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്ത വായ്പകളുമായി ബന്ധപ്പെട്ട് |

| | | | |
|---|---|---|---|
| | | | അർഹതയുണ്ടെന്ന് കണ്ടെത്തിയ 2.60 കോടി രൂപ അർഹതപ്പെട്ട സഹകരണ സംഘങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ അനുവദിച്ച് നൽകിയിട്ടുണ്ട്.<br>ഒന്നര ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള പട്ടികജാതി/പട്ടികവർഗ്ഗ, പരിവർത്തിത ക്രൈസ്തവർ സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും എടുത്തിരുന്നതും 31.03.2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ കടങ്ങൾക്ക് കടാശ്വാസം അനുവദിച്ചും 25,000/- രൂപവരെയുള്ള കടബാധ്യത സർക്കാർ ഏറ്റെടുത്തും 12.11.2009 ലെ സ.ഉ(അച്ചടി) 100/09/പജപവവിവ നമ്പർ പ്രകാരം സർക്കാർ ഉത്തരവാകുകയും ടി ഇനത്തിൽ അർഹതയുണ്ടെന്ന് കണ്ടെത്തിയ 67.41 കോടി രൂപ ബന്ധപ്പെട്ട സംഘങ്ങൾക്ക്/ ബാങ്കുകൾക്ക് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സമയപരിധി ഏതു മുതൽ ഏതുവരെയെന്ന് വ്യക്തമാക്കാമോ; സമയപരിധി നീട്ടുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | 31.03.2010 ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായ വായ്പകൾക്കാണ് 30.03.2015 ലെ സ.ഉ(അച്ചടി) 24/15/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളത്. ആനുകൂല്യത്തിന് അർഹത നേടുന്നതിന് വായ്പക്കാരൻ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട വായ്പാ സംഘങ്ങളിൽ ഹാജരാക്കേണ്ട സമയപരിധി 31.05.2015 എന്ന് നിർദ്ദേശിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം നൽകിയിരുന്നു. ടി പദ്ധതിയുടെ ആനുകൂല്യം പരമാവധി വായ്പക്കാർക്ക് ലഭ്യമാക്കുന്നതിനായി ജാതി/വരുമാന സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ട സമയപരിധി 30.06.2015 വരെ ദീർഘിപ്പിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. സമയപരിധി വീണ്ടും ദീർഘിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ